പി.എച്ച്.സി. യുടെ സേവനങ്ങൾ

12 (4295) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പി.എച്ച്.സി.യുടെ സേവനങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) മലയോര പ്രദേശങ്ങളിലും മറ്റു സ്ഥലങ്ങളിലും നിശ്ചയിച്ചിട്ടുള്ള ജനസംഖ്യാടിസ്ഥാനത്തിൽ പി.എച്ച്.സി. കളും സബ് സെന്ററുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മതിയായ രീതിയിൽ ഇത്തരം സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എച്ച്.സി. കൾ ഗ്രാമപഞ്ചായത്തുതലത്തിലുള്ള ആരോഗ്യസ്ഥാപനങ്ങളാണ്. സംസ്ഥാനതലത്തിലും ദേശീയതലത്തിലുമുള്ള പൊതുജനാരോഗ്യപ്രവർത്തനങ്ങളും ആരോഗ്യകുടുംബക്ഷേമ പദ്ധതികളും നടപ്പിലാക്കുക എന്നതാണ് പി.എച്ച്.സി. കളുടെ പ്രധാനചുമതല. ഒബ്സർവേഷനുള്ള കിടത്തി ചികിത്സാ സൗകര്യമാണ് പി.എച്ച്.സി. കളിൽ ഉദ്ദേശിച്ചിട്ടുള്ളത്. വിപുലമായ രീതിയിലുള്ള കിടത്തി ചികിത്സാസൗകര്യം പി.എച്ച്.സി. കളിൽ ലക്ഷ്യമിടുന്നില്ല.

(ബി&സി) ഒരു പഞ്ചായത്തിൽ ഒരു പി.എച്ച്.സി. എങ്കിലും എന്നതാണ് സർക്കാർ നയം. അതനുസരിച്ച് ഒരു പി.എച്ച്.സി. പോലുമില്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പുതുതായി സബ്സെന്ററുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിനാൽ സബ്സെന്ററുകൾ അനുവദിക്കണമെന്ന ആവശ്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രം നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ

13 (T 4296) ശ്രീ. എളമരം കരീം :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീമതി കെ. കെ. ലതിക :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അനിശ്ചിതകാല രാപകൽ സത്യാഗ്രഹം നടത്താൻ തീരുമാനിച്ച ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്താകെ ആശാവർക്കർമാർ എത്ര വർഷമായി തൊഴിലെടുക്കുന്നുവെന്നുള്ള വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആശാവർക്കർമാർക്ക് പ്രഖ്യാപിച്ച ഓണറേറിയം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) നിലവിൽ ഓണറേറിയം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) കുടിശ്ശിക ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രതിമാസ ഓണറേറിയം 10,000 രൂപയായി ഉയർത്തുക, കേന്ദ്ര സർക്കാരിന്റെ ഗൈഡ്‌ലൈൻ അനുസരിച്ചുള്ള ഇൻസെന്റീവ് മുടങ്ങാതെ നൽകുക, ബാങ്കുകൾ ഈടാക്കുന്ന സർവ്വീസ് ചാർജ് നിർത്തലാക്കുക, മറ്റ് സംസ്ഥാനങ്ങളിൽ ലഭിക്കുന്നതരത്തിൽ മൊബൈൽ ഫോൺ, യൂണിഫോം അലവൻസുകൾ നൽകുക, തൊഴിൽ സ്ഥിരതയും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുക എന്നിവയാണ് ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ.

(ബി) കേരളത്തിൽ ആശാ പദ്ധതി 7 വർഷമായി (2007) നടപ്പിലാക്കി വരുന്നു. കേരളത്തിൽ 28268 ആശാ പ്രവർത്തകർ 14 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബ്ബല ജനവിഭാഗങ്ങളെ, ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാ പ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം.

(സി) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ ആശാ ഓണറേറിയം 700 രൂപയായിരുന്നു. ഇത് 2014-15 -ൽ 900 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 2013-14 വർഷത്തേക്ക് 20 കോടി രൂപ ആശാ ഓണറേറിയത്തിനായി അനുവദിച്ചതിൽ 9 മാസത്തേക്കുള്ള ഓണറേറിയം ആശമാർക്ക് നൽകിയിട്ടുണ്ട്. ഇതിൽ 3 മാസത്തെ ഓണറേറിയം കുടിശ്ശികയുണ്ട്. 2014-15 -ൽ 8 മാസത്തെ (ഏപ്രിൽ - നവംബർ 2014) കുടിശ്ശികയുണ്ട്. ഇതിനായി 24 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly